പതിമൂന്നാം കേരള നിയമസഭ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) കയർ വ്യവസായം സംരക്ഷിക്കാൻ ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ; | (എ) കയർ മേഖലയുടെ പുരോഗതിക്കായി നടപ്പിലാക്കിവരുന്ന പദ്ധതികൾ തുടരുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കയറുല്പന്നങ്ങളുടെ വിപണനത്തിന് പൊതുസംവിധാനം എന്ന ലക്ഷ്യത്തോടെ കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യത്തിന് രൂപം നൽകുന്നതാണ്. ചകിരി ക്ഷാമം പരിഹരിക്കുന്നതിലേയ്ക്കായി സംഘങ്ങൾക്ക് ആവശ്യമായ ചകിരി നല്കുന്നതിന് കയർഫെഡിനെ ചുമതലപ്പെടുത്തി. ക്രയവില സ്ഥിരതാ പദ്ധതിയും കൂടുതൽ ശക്തമായി നടപ്പിലാക്കും. കയർ പിരി മേഖലയിൽ ഉൾപ്പെടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കും. |
| (ബി) ചിറയിൻകീഴ് താലൂക്കിൽ എത്ര കയർ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ ; | (ബി) നിലവിൽ 29 സംഘങ്ങളാണ് ചിറയിൻകീഴ് താലൂക്കിൽ പ്രവർത്തിക്കുന്നത്. |
| (സി) തൊണ്ട് ലഭ്യത കുറവായതുകൊണ്ട് കയർ സംഘങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെടുകയും അത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന കയർ സംഘങ്ങളെ സഹായിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ